**D1BML2301 (A2) (S1)** **(2 Pages)** **Reg. No:.......................**

**Name: ..........................**

**FIRST SEMESTER B.Com. / BBA DEGREE EXAMINATION NOVEMBER 2024**

**(Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A02T: സാഹിത്യ പഠനം 1**

**Time: 2 ½ Hours.** **Maximum Marks: 80**

ഭാഗം I: **1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഒരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. ആത്മ പ്രതീതിവാദത്തിന്റെ അടിസ്ഥാനമെന്ത് ?
2. ഏതെല്ലാം ഭാഷകളിലാണ് സ്വാതിതിരുനാൾ കൃതികൾ രചിച്ചത് ?
3. സാഹിത്യനിരൂപണം എന്നാൽ എന്ത് ?
4. തന്റെ ജന്മദിന സന്ദേശമായി ശ്രീനാരായണ ഗുരു അനുവദിച്ച വാക്യമേത് ?
5. “കണ്ടമാനം സമയം കിടക്കുന്നു. ഒരു പുല്ലും ചെയ്യാനില്ല”. ആരുടെ അവസ്ഥയെ കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ? സന്ദർഭം എന്ത് ?
6. അയൽരാജാവിനെ കണ്ട ഉമാപതിയുടെ അവസ്ഥ എന്തായിരുന്നു ?
7. ബാല്യവും നീലിമയും തമ്മിലുള്ള ബന്ധമെന്ത് ?
8. ധർമ്മപാലനെ വിദ്യാഭ്യാസം നേടാൻ സഹായിച്ചവർ ആരൊക്കെയാണ് ?
9. സഞ്ചാര സാഹിത്യം - കുറിപ്പെഴുതുക.
10. 'നോക്ക്. ഇപ്പോൾ പോലും നിങ്ങൾക്ക് ഒരു ചെയറിൽ നന്നായി ഇരിക്കുവാനറിയില്ല.' ആര് ആരോട് എപ്പോൾ പറഞ്ഞു?
11. സോപാന സംഗീതത്തെക്കുറിച്ചു സ്വാതിതിരുനാളിന്റെ അഭിപ്രായമെന്ത് ?
12. മലയാളത്തിലെ ചെറുകഥാസാഹിത്യത്തിന്റെ വിവിധ ഘട്ടങ്ങൾ ഏതൊക്കെയാണ് ?
13. ഈ രാജ്യം പുരോഗമിക്കുന്നത് പക്ഷേ റസിഡണ്ട് സായിപ്പിന് ഇഷ്ടമുണ്ടായിരുന്നില്ല. ആരുടെ വാക്കുകൾ? സന്ദർഭം എന്ത് ?
14. പക്ഷിനിരീക്ഷണം ഒരു ഹോബിയായി രാമൻ നായർ തിരഞ്ഞെടുക്കാൻ കാരണമെന്ത് ?
15. നൂറുസിംഹാസനങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

**(തുടർച്ച .... 2)**

ഭാഗം II: **16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഒരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. സൗന്ദര്യത്തെക്കുറിച്ചുള്ള ബെർക്കിന്റെ സിദ്ധാന്തമെന്ത് ?
17. ചെറുകഥ, നോവൽ എന്നീ സാഹിത്യശാഖകളെ പരിചയപ്പെടുത്തുക.
18. 'ജീവിതത്തെ കുറിച്ചുള്ള സംഭാഷണമല്ല മരണത്തെക്കുറിച്ചുള്ള പ്രസംഗമാണ് വിദ്യാഭ്യാസം' എന്ന് ലേഖകൻ പറയാൻ കാരണമെന്ത് ?
19. മതകലഹങ്ങൾ സംഭവിക്കുന്നതെന്തുകൊണ്ട് ? അഴീക്കോടിന്റെ അഭിപ്രായമെന്ത് ?
20. "എന്തിനായിരുന്നു ബാല്യ എന്നെ ഇതിനായി തിരഞ്ഞെടുത്തത്..." നീലിമ ഇങ്ങനെ ചിന്തിക്കാൻ കാരണമായ സംഭവമെന്ത് ?
21. തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ നായാടികളെ കുറിച്ച് വിവരിച്ചിട്ടുള്ള കാര്യങ്ങൾഎഴുതുക.
22. 'അവൻ എന്തു ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാധിയാണ്.' സന്ദർഭവും ആശയവും വ്യക്തമാക്കുക.
23. കതിവന്നൂർ വീരന്റെ കഥയെഴുതുക.

ഭാഗം III: **24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.**

24. അയൽരാജാവ് എന്ന കഥ ശക്തമായ രാഷ്ട്രീയ ഇടപെടലും സാമൂഹിക വിമർശനവുമാണ് നടത്തുന്നത്. ഈ പ്രസ്താവന ശരിയാണോ? പരിശോധിക്കുക.
25. പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ജീവിത യാഥാർത്ഥ്യങ്ങളും അതിജീവനവും നൂറുസിംഹാസനങ്ങളിൽ ആവിഷ്കരിക്കുന്നതെങ്ങനെ?
26. ഗുരുവിന്റെ മതദർശനങ്ങൾ ലോക സമാധാനത്തിന് വേണ്ടിയുള്ളവയാണ് . പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.
27. കുടകിന്റെ ഫോക് സംസ്കാരത്തെ ലേഖകൻ എങ്ങനെയാണ് നോക്കിക്കാണുന്നത് . ഉപന്യസിക്കുക.

**(2 × 10 = 20 മാർക്ക്)**